പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2209 10.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. കെ. ശിവദാസൻ നായർ
'' റ്റി. എൻ. പ്രതാപൻ
'' അൻവർ സാദത്ത്
'' എ.പി. അബ്ദുള്ളക്കുട്ടി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ഭൂമി ലാഭകരമായി വിനിയോഗിക്കുന്നതിനും കെ.എസ്.ആർ.ടി.സി.ക്ക് വരുമാനം ഉണ്ടാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ കോർപ്പറേഷൻ നേരിട്ടും, B.O.T അടിസ്ഥാനത്തിലും വാണിജ്യസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിക്കാൻ നിശ്ചയിച്ച എത്ര പദ്ധതികൾ നിർമ്മാണം ആരംഭിച്ചു ; | (ബി) | അങ്കമാലി, തിരുവനന്തപുരം (തമ്പാനൂർ), കോഴിക്കോട്, തിരുവല്ല എന്നീ സ്ഥലങ്ങളിൽ B.O.T അടിസ്ഥാനത്തിലും കൊട്ടാരക്കര, കാസർഗോഡ്, കാട്ടാക്കട എന്നീ സ്ഥലങ്ങളിൽ കോർപ്പറേഷൻ നേരിട്ടും വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | എത്ര പദ്ധതികൾ പ്രവർത്തനമാരംഭിച്ചു ; | (സി) | കാട്ടാക്കട, കൊട്ടാരക്കര, കാസർഗോഡ് എന്നീവിടങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ പ്രവർത്തനം ആരംഭിച്ചു. അങ്കമാലി ബസ് ടെർമിനൽ കോംപ്ലക്സ് 19.1.2011 ൽ ഉദ്ഘാടനം ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | പുതിയതായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | മലപ്പുറം, നെടുമങ്ങാട്, പയ്യന്നൂർ, ഈഞ്ചക്കൽ, തൊടുപുഴ, പാലക്കാട്, കരുനാഗപ്പള്ളി, ഹരിപ്പാട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ